I/22902/2023

**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 25.02.23 തീയതിയിൽ നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ**

**സ്ഥലം – പി.എം.യു. ഓഫീസ്, തിരുവനന്തപുരം**
**പങ്കെടുത്തവർ: PMU, RPMU ഉദ്യോഗസ്ഥർ**
**സമയം: 02.30 pm**

KRWSA നാളിതുവരെ തുടർന്നു വന്നിരുന്ന കാഴ്ചപ്പാടിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും കാലോചിതമായി മാറി ചിന്തിക്കുവാൻ തയ്യാറാകണമെന്ന് ആമുഖ പ്രസംഗത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

എഞ്ചിനീയറിംഗ് പ്രവൃത്തികൾ അതിൽ വൈദഗ്ധ്യമുള്ളവരെ ഏൽപ്പിച്ച് ബുദ്ധി പ്രധാനമായ മറ്റ് മേഖലകളിലേക്ക് KRWSA മാറുകയും പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വേണം. തുടർന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ സന്ദർശിച്ച മുംബൈയിലെ സത് സങ്ങ് മാർഗ്ഗിലെ മൈക്രോ ലെവൽ സിവറേജ് പ്ലാന്റ് (johkusa) സംബന്ധിച്ച വീഡിയോ യോഗത്തിൽ പ്രദർശിപ്പിക്കുകയും പ്രവർത്തനം വിശദീകരിക്കുകയും ചെയ്തു.

നൂതനമായ ആശയങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ KRWSA കേരളത്തിൽ നടപ്പിലാക്കണം. ഇത്തരം പ്രവർത്തനങ്ങളിലെ Pioneer ഏജൻസിയായി KRWSA മാറണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ വിശദീകരിച്ചു.

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി FHTC നൽകുന്ന പ്രവൃത്തികളിൽ KRWSA വളരെ പിന്നിലാണെന്നാണ് പ്രതിവാര അവലോകന യോഗങ്ങളിൽ വ്യക്തമാകുന്നത്. ആയതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അതൃപ്തി രേഖപ്പെടുത്തി. FHTC കൾ നൽകുന്ന പ്രവൃത്തികൾ വേഗത്തിലാക്കണമെന്ന് കർശന നിർദ്ദേശം നൽകി.

**തീരുമാനങ്ങൾ**

1. കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയിലെ വാട്ടർ ക്വാളിറ്റി പ്രശ്നം ഫെബ്രുവരി 28 നകം പരിഹരിച്ച് M L A യെ അറിയിക്കുന്നതിന് Idukki RPD നിർദ്ദേശം നൽകി. **(ACTION:RPD, IDUKKI)**
2. **ജലനിധി പഞ്ചായത്ത് എക്സിറ്റ്**

ജലനിധി രണ്ടാം ഘട്ടത്തിലെ 115 പഞ്ചായത്തുകളിൽ 114 എണ്ണത്തിന്റെയും പഞ്ചായത്ത് എക്സിറ്റ് പൂർത്തീകരിച്ചു. അവശേഷിക്കുന്നത് പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ പഞ്ചായത്ത് മാത്രമാണ്. 07-03-2023 നുള്ളിൽ ഈ പഞ്ചായത്തിന്റെയും എക്സിറ്റ് പൂർത്തീകരിക്കുവാൻ മലപ്പുറം RPD ക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ കർശന നിർദ്ദേശം നൽകി. **ACTION:RPD, MALAPPURAM)**

3. **സുസ്ഥിരതാ പദ്ധതി പൂർത്തീകരണവും കണക്കു തീർപ്പാക്കലും**

ഈ മാസം പൂർത്തീകരിക്കേണ്ട 63 സ്കീമുകളിൽ 15 എണ്ണം പൂർത്തീകരിച്ചു. ആകെ ഏറ്റെടുത്ത 1100 പ്രവൃത്തികളിൽ 1025 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ള 75 സ്കീമുകളിൽ മലപ്പുറം RPMU ന് കീഴിലുള്ള 2 സ്കീമുകൾ ഒഴികെ 73 സ്കീമുകളും മാർച്ച് 31 നുള്ളിൽ പൂർത്തീകരിക്കുമെന്ന് RPD മാർ ഉറപ്പ് നൽകി.

ഇനിയും കണക്ക് തീർപ്പാക്കാനുള്ള 331 പദ്ധതികളിൽ 268 എണ്ണത്തിന്റെ കണക്ക് തീർപ്പാക്കൽ 2023 മാർച്ച 31 നുള്ളിൽ താഴെ പറയുന്ന ആക്ഷൻപ്ലാൻ പ്രകാരം പൂർത്തീകരിക്കുമെന്ന് RPD മാർ ഉറപ്പ് നൽകി.

എന്നാൽ പ്രവർത്തികൾ പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഉറപ്പുകൾ അപൂർവ്വമായി മാത്രമേ പാലിക്കപ്പെടുന്നുള്ളൂ എന്നും ഇക്കാര്യം ഗൗരവത്തിലെടുത്ത് പദ്ധതികൾ പൂർത്തീകരിക്കണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.

| ഇടുക്കി | മലപ്പുറം | കണ്ണൂർ |
|---|---|---|
| 10-03-23 - 24 nos. | 10-03-23 - 15 nos. | 10-03-23 - 25 nos. |
| 15-03-23 - 28 nos. | 15-03-23 - 20 nos. | 15-03-23 - 25 nos. |
| 20-03-23 - 18 nos. | 20-03-23 - 30 nos. | 20-03-23 - 20 nos. |
| 25-03-23 - 38 nos. | 25-03-23 - 25 nos. | |
| | | |

| | | |
|---|---|---|
| Total - 108 | Total – 90 | Total – 70 |
| Grand Total - 268 | | |

**- RPD - Kannur, Malappuram & Idukki**

4. <u>FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന</u>

| | 25-02-2023 |
|---|---|
| ലക്ഷ്യം | 538914 സാമ്പിളുകൾ |
| പരിശോധിച്ചത് | 381888 സാമ്പിളുകൾMENTION THE PERCENTAHE |
| WQMIS യിൽ അപ്‌ലോഡ് ചെയ്തത് | 303521 സാമ്പിളുകൾ MENTION THE PERCENTAHE |

WQ ടെസ്റ്റിങ്ങിലും അപ് ലോഡിങ്ങിലും കണ്ണൂർ, ഇടുക്കി RPMU കൾ കൈവരിച്ച പുരോഗതിയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ സംതൃപ്തി രേഖപ്പെടുത്തി.

- മലപ്പുറം RPD WQ ടെസ്റ്റിങ്ങിലും അപ് ലോഡിങ്ങിലും കാണിച്ച അവധാനത സംബന്ധിച്ച് മുൻ അവലോകന യോഗത്തിന്റെ തീരുമാനങ്ങൾ നിലനിൽക്കുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. തുടർന്ന് മലപ്പുറം RPMU വിലെ M(CD) ഇനിയും പൂർത്തീകരിക്കാനുള്ള ടെസ്റ്റുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് യോഗത്തിൽ വിശദീകരിച്ചു. ഇത് പ്രകാരം 30-04-2023 നുള്ളിൽ WQ ടെസ്റ്റുകൾ പൂർത്തീകരിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശേിച്ചു. **– RPD i/c , RPMU Malappuram.**
- ബഹു. ഐ. ബി. സതീഷ് എം.എൽ.എ ആവശ്യപ്പെട്ട പ്രകാരം കാട്ടാക്കട നിയോജക മണ്ഡലത്തിലെ 40,000 കിണറുകൾ FTK ഉപയോഗിച്ച് ജലഗുണനിലവാര പരിശോധന JJM procedure പാലിച്ചും WQMIS ൽ data entry കുടുംബശ്രീ വോളന്റിയർമാർ മുഖേന upload ചെയ്യുന്നത് സംബന്ധിച്ചും ഉറപ്പ് വരുത്തി മാത്രം കിറ്റുകൾ നൽകിയാൽ മതി എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. **– Manager (RC)**

5. <u>**ജലജീവൻ മിഷൻ പദ്ധതി**</u>

- ജലജീവൻ മിഷൻ പദ്ധതിയിൽ കഴിഞ്ഞ മീറ്റിങ്ങിൽ നിന്ന് കൈവരിച്ച പുരോഗതി എക്സിക്യൂട്ടീവ് ഡയറക്ടർ വിശകലനം ചെയ്തു. KRWSA യുടെ ആകെയുള്ള ടാർഗറ്റ് ആയ 111765 FHTC കളിൽ 21362 FHTC കൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ആയത് മൊത്തമുള്ള ടാർഗറ്റിന്റെ 22.14% മാത്രമാണ്. അതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അതൃപ്തി പ്രകടിപ്പിച്ചു.
- ബാക്കിയുള്ള FHTC കൾ പൂർത്തീകരിക്കുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും HQ team ഫീൽഡ് ലെവൽ മീറ്റിങ്ങുകൾ നടത്തണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് Director (Tech) നെ ചുമതലപ്പെടുത്തി. **– 25-03-2023**
- കാസർഗോഡ് ജില്ലയിൽ മീഞ്ച, പൈവളിക എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത 7608 FHTC കൾക്ക് സ്രോതസ്സ് ഉറപ്പാക്കുന്നതിനു വേണ്ടി കാസർഗോഡ് പാക്കേജിന്റെ ഭാഗമായി ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് DWSM ന് സമർപ്പിച്ചിരുന്നു എന്നാൽ ഇതിനുള്ള ഫണ്ട് ഇറിഗേഷൻ വകുപ്പിൽ നിന്നോ മറ്റ് ഏതെങ്കിലും ഫണ്ടിൽ നിന്നോ കണ്ടെത്തണമെന്ന് DWSM തീരുമാനിച്ചു. KRWSA യ്ക്ക് ഫണ്ട് ലഭ്യമല്ലാത്തതിനാൽ പദ്ധതി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുകയില്ല എന്ന വിവരം DWSM നെ അറിയിക്കുവാൻ **RPD യെ ചുമതലപ്പെടുത്തി. – RPD i/c, Kannur - 15-03-23**
- ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ഹർ ഘർ ജൽ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് RPD യെ ചുമതലപ്പെടുത്തി.

6. <u>**2022-23 പദ്ധതികൾ**</u>

I. **<u>സുസ്ഥിരതാ പദ്ധതി</u>**

ആകെയുള്ള 290 പ്രവൃത്തികളിൽ 235 എണ്ണത്തിന്റെ വർക്ക് ആരംഭിച്ച് 17 എണ്ണം പൂർത്തീകരിച്ചു.

II. **<u>മഴവെള്ള സംഭരണി നിർമ്മാണം</u>**

789 യൂണിറ്റുകളിൽ 787 എണ്ണം വർക്ക് അവാർഡ് ചെയ്ത് 160 എണ്ണം പൂർത്തീകരിച്ചു.

III. **<u>കിണറുകളെ സുസ്ഥിര കുടിവെള്ള സ്രോതസ്സുകളാക്കുന്ന പദ്ധതി</u>**

ആകെയുള്ള 531 യൂണിറ്റുകളുടെയും വർക്ക് അവാർഡ് ചെയ്തു. 53 എണ്ണം പൂർത്തീകരിച്ചു.

KRWSA സാങ്കേതിക വിഭാഗം കൃത്യമായ തീരുമാനങ്ങൾ സമയബന്ധിതമായി എടുക്കാത്തതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അസംതൃപ്തി പ്രകടിപ്പിച്ചു.

IV. **<u>ഗ്രേ വാട്ടർ മാനേജ്മെന്റ്</u>**

ആകെയുള്ള 4 യൂണിറ്റുകളിൽ വയനാട് ജില്ലയിലുള്ള 2 യൂണിറ്റുകൾ അവാർഡ് ചെയ്തു. ആയത് 31-03-23 നുള്ളിൽ പൂർത്തീകരിക്കുമെന്ന് കണ്ണൂർ RPD അറിയിച്ചു.

V. **<u>വാട്ടർ ക്വാളിറ്റി മാനേജ്മെന്റ്</u>**

- ഭരണാനുമതി ലഭിച്ച 102 യൂണിറ്റുകളിൽ 54 എണ്ണം ഇതുവരെ അവാർഡ് ചെയ്തു.
- 2022 – 23 FY അനുമതി ലഭിച്ച മുഴുവൻ പ്രവൃത്തികളുടെയും TS – Tender – Award – Work started – Gapകൾ പരിശോധിച്ച് RPMU തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണം. പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ സെറ്റിൽമെന്റ് 25-03-23 നുള്ളിൽ നടത്തണം. ആവശ്യമായ സപ്പോർട്ട് HQ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും നൽകണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.

7. **<u>2022 – 23 ഫിനാൻഷ്യൽ പ്രോഗ്രസ്സ്.</u>**

- സുസ്ഥിരതാ പദ്ധതിയിൽ നാളിതുവരെ ലഭിച്ച 19.92 കോടി രൂപയിൽ 14.18 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നിലവിൽ ബില്ല് ലഭിച്ച 1.5 കോടി രൂപയും മാർച്ച് 15 നുള്ളിൽ ബില്ല് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 5.5 കോടി രൂപയും ഉൾപ്പെടെ 7 കോടി രൂപ ചെലവഴിക്കേണ്ടതാണ്. - മഴവെള്ള സംഭരണി നിർമ്മാണ പദ്ധതിക്ക് ലഭിച്ച 5.8 കോടി രൂപയും നിലവിലുണ്ടായിരുന്ന 8.45 ലക്ഷം രൂപയടക്കം 5.88 കോടി രൂപ ചെലവഴിച്ചു. അതിൽ 4.56 കോടി രൂപക്ക് WAMS clearance ലഭിച്ചിട്ടില്ല.
- ജലനിധി രണ്ടാംഘട്ട പദ്ധതി പൂർത്തീകരിണത്തിന്റെ ബിൽ സെറ്റിൽമെന്റിന് ആവശ്യമായ 8.61 കോടി രൂപയിൽ 6 കോടി രൂപയുടെ re appropriation പ്രൊപ്പോസൽ സർക്കാരിൽ ഫോളോ അപ്പ് ചെയ്യേണ്ടതാണ്.
- R&D പ്രൊപ്പോസലിൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് സർക്കാരിൽ ഫോളോ അപ്പ് ചെയ്യേണ്ടതാണ്.- **DFA i/c 2023 മാർച്ച് .**
- IEC, Training, CB & Jalasree club എന്ന പദ്ധതിക്കുള്ള ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

8. **<u>KRWSA ഫയലുകളുടെ Follow-up</u>**

സർക്കാരിൽ നിന്നും തീരുമാനമാകേണ്ട ഫയലുകളുടെ സ്റ്റാറ്റസ് റിപ്പോർട്ട് ചെയ്യുമ്പോൾ ആകെ എത്ര ഫയലുകൾ, അതിൽ തീരുമാനമായ ഫയലുകൾ, പുതിയതായി സമർപ്പിച്ച ഫയലുകൾ എന്നിങ്ങനെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
**- DFA i/c & Secretary to ED**

9. **<u>PMS ജലനിധി platform ഡാറ്റ എൻട്രി</u>**

PMS ജലനിധി platform ലേക്കുള്ള ഡാറ്റ എൻട്രി പ്രോഗ്രസ് വളരെക്കുറവാണ്. ആയതിന്റെ അപ്ഡേഷൻ വേഗത്തിലാക്കണമെന്നും അടുത്ത അവലോകനയോഗം മുതൽ ഇക്കാര്യത്തിൽ - നിലവിലുള്ള അവസ്ഥ, തന്മാസ പുരോഗതി എന്നിവ main project, sub project അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. **RPDs & D(M&E) i/c.**

- പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതി നിർവ്വഹണത്തിന് വേണ്ടി രൂപീകരിച്ചിട്ടുള്ള GP LAC യുടെ അക്കൗ

ണ്ട് ക്ലോസ്സ് ചെയ്യുന്ന ഘട്ടത്തിൽ പലിശ ഇനത്തിൽ ബാക്കി നൽകുന്ന തുകയുടെ വിനിയോഗം സംബന്ധിച്ചുള്ള നിർദ്ദേശം KRWSA യുടെ ഫിനാൻസ് വിഭാഗം നൽകണം. - **DFA i/c & DD (Fin)i/c.**

- DD(WC), Manager (RC), Senior Engineer എന്നീ ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തേണ്ടതാണ്. കൂടാതെ ജലഗുണനിലവാര പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള 'Jhokasu water treatment plant' സന്ദർശിച്ച് individual report നൽകേണ്ടതാണ്.
- KRWSA യുടെ നിലവിലുള്ള പ്രവർത്തന പുരോഗതിയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അസംതൃപ്തി രേഖപ്പെടുത്തി.

യോഗം നടപടികൾ 4 പി.എം.ന് അവസാനിച്ചു.

Signed by
Venkatesapathy S Ias
Date: 06-03-2023 17:49:59

എക്സിക്യൂട്ടീവ് ഡയറക്ടർ